## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 12 | 10.06.2013-ൽ മറുപടിക്ക്

### സേവനാവകാശ നിയമം

| ചോദ്യം<br>**ശ്രീ. കെ.വി.അബ്ദുൾ ഖാദർ** | മറുപടി<br>**ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
|---|---|
| എ) സേവനാവകാശ നിയമം സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിൽ ഇനിയും വിജയം വരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് യാഥാർത്ഥ്യമാണോ ;<br><br>ബി) സർക്കാർ പ്രഖ്യാപിച്ചെങ്കിലും വിവിധ വകുപ്പുകൾ ഇക്കാര്യത്തിൽ വിമുഖത കാണിക്കുന്നതെന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) 2012 നവംബർ 1 മുതൽ 'കേരള സംസ്ഥാന സേവനാവകാശ നിയമം, 2012' പ്രബല്യത്തിൽ വന്നിട്ടുണ്ട്. ടി നിയമപ്രകാരം നാളിതുവരെ 45 സർക്കാർ വകുപ്പുകളും 11 അനുബന്ധ സ്ഥാപനങ്ങളും ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച് പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് വകുപ്പുകൾ/സ്ഥാപനങ്ങൾ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) സർക്കാർ സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | (സി) 27.10.2012-ലെ സ.ഉ.(പി) നമ്പർ. 55/12/ ഉ.ഭ.പ.വ. പ്രകാരം 01.11.2012 മുതൽ സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ ആക്റ്റ് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ 27.10.2012-ലെ സ.ഉ.(പി) നമ്പർ. 56/12/ഉ.ഭ.പ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.